# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4047 — 24.06.2019-ൽ മറുപടിയ്ക്ക്

**പ്രകൃതിക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സഹായങ്ങൾ**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.ജോർജ് എം.തോമസ്** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പ്രകൃതിക്ഷോഭത്തിനിരയായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനു പുറമേ വകുപ്പിന്റെ ഫണ്ടുപയോഗിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന വിശദാംശം ലഭ്യമാക്കുമോ; | (എ) | പ്രകൃതി ക്ഷോഭത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് 5,000/-രൂപ വീതം ആശ്വാസധനസഹായം അനുവദിച്ചിട്ടുണ്ട്.<br>പ്രളയത്തിൽ നാശനഷ്ടം സംഭവിച്ചിട്ടുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും പുന:നിർമ്മാണം ആവശ്യമുള്ളതുമായ 90 കോളനികളിൽ വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പുന:നിർമ്മാണം നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്. ടി കോളനികളിലെ ഭവനം, ടോയ്‌ലറ്റ് എന്നിവയുടെ പുനരുദ്ധാരണം, കിണർ/ പൊതുകിണർ, റോഡ്, ഫുട്പാത്ത് എന്നിവയുടെ പുന:നിർമ്മാണം, ഡ്രെയിനേജ്, കനാൽ റിപ്പയർ എന്നീ പ്രവർത്തികളാണ് പ്രധാനമായും നടത്തുന്നത്.<br>പ്രകൃതി ക്ഷോഭത്തിൽ വീട്, ഭൂമി എന്നിവ നഷ്ടപ്പെട്ട പട്ടികജാതി വിഭാഗത്തിന് പ്രസ്തുത ഭൂമിയിൽ വാസയോഗ്യമായ വീട് നിർമ്മിക്കുവാൻ കഴിയില്ലെന്ന തഹസീൽദാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി വാസയോഗ്യമായ ഭവനം നിർമ്മിക്കാൻ ഭൂമി വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്. പത്തനംതിട്ട ജില്ലയിലെ ഒരു കുടുംബത്തിനും വയനാട് ജില്ലയിലെ ആറ് കുടുംബത്തിനുമായി 2018-19 ലെ ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഇപ്രകാരം ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പിലാക്കുന്ന രീതി വിശദമാക്കുമോ? | (ബി) | **ദുരിതാശ്വാസ ധനസഹായം:-**<br>പ്രളയത്തിൽപ്പെട്ട് ദുരിതമനുഭവിച്ച 83872 കുടുംബങ്ങൾക്ക് 41,93,60,000/-രൂപ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർമാർ വഴി വിതരണം ചെയ്തു. |

| | | | |
|---|---|---|---|
| | | | **കോളനികളുടെ പുന:നിർമ്മാണം:-** ഓരോ ജില്ലയിൽ നിന്നും പ്രളയക്കെടുതി നേരിട്ടതിൽ പുന:നിർമ്മാണം ആവശ്യമായിട്ടുള്ളതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ 90 കോളനികളെ ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും ടി കോളനികളുടെ നിർമ്മാണ ചുമതല അതാത് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകിയിട്ടുള്ളതുമാണ്. ജില്ലാ നിർമ്മിതി കേന്ദ്രം തയ്യാറാക്കുന്ന<br>എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി ജില്ലാ ഓഫീസറുമായി കരാർ ഒപ്പ് വയ്ക്കുകയും എസ്റ്റിമേറ്റിന്റെ 50% തുക ഏജൻസിക്ക് അഡ്വാൻസ് അനുവദിയ്ക്കുകയും ചെയ്യുന്ന മുറയ്ക്ക് ഏജൻസി കോളനികളിൽ പുന:നിർമ്മാണം നടത്തി വരുന്നു.<br>**പ്രളയാനന്തര പുനരധിവാസത്തിന് സ്ഥലം വാങ്ങുവാൻ ധനസഹായം:-** പ്രളയത്തിൽ വാസസ്ഥലം നഷ്ടപ്പെടുകയോ സ്ഥലം നിർമ്മാണ യോഗ്യമല്ലാതാകുകയോ ചെയ്ത കേസുകളിൽ ഭൂരഹിത പുന:രധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥലം വാങ്ങുവാൻ ധനസഹായം അനുവദിക്കുന്നു. ഭൂമി വാസയോഗ്യമല്ലെന്ന് തഹസിൽദാരുടെ സാക്ഷ്യപത്രം ആവശ്യമാണ്. |

**സെക്ഷൻ ഓഫീസർ**